The Heavenly Light Ministry

അടവിതരുക്കളിന്നിടയിൽ ഒരു നാരകം എന്നവണ്ണം
വിശുദ്ധരിൻ നടുവിൽ കാണുന്നേ
അതിശ്രേഷ്ഠനാം യേശുവിനെ
വാഴ്ത്തുമേ എന്റെ പ്രിയനെ
ജീവക്കാലമെല്ലാം ഈ മരുയാത്രയിൽ
നന്ദിയോടെ ഞാൻ പാടീടുമേ

പനിനീർ പുഷ്പം ശാരോനിലവൻ താമരയുമേ താഴ്വരയിൽ
വിശുദ്ധരിൽ അതിവിശുദ്ധനവൻ
മാ ! സൗന്ദര്യ സമ്പൂർണ്ണനേ ... വാഴ്ത്തുമേ

പകർന്ന തൈലം പോൽ നിൻനാമം
പാരിൽ സൗരഭ്യം വീശുന്നതാൽ
പഴി ദൂഷി നിന്ദ ഞെരുക്കങ്ങളിൽ
എന്നെ സുഗന്ധമായ് മാററിടണേ .... വാഴ്ത്തുമേ

മനഃക്ലേശ തരംഗങ്ങളാൽ ദുഃഖ സാഗരത്തിൽ മുങ്ങുമ്പോൾ
തിരുക്കരം നീട്ടി എടുത്തണച്ചു
ഭയപ്പെടേണ്ടാ എന്നുരച്ചവനെ ... വാഴ്ത്തുമേ

തിരുഹിതം ഇഹേ തികച്ചിടുവാൻ
ഇതാ ഞാനിപ്പോൾ വന്നീടുന്നേ
എന്റെ വേലയെ തികച്ചുകൊണ്ട്
നിന്റെ മുമ്പിൽ ഞാൻ നിന്നീടുവാൻ ... വാഴ്ത്തുമേ